മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 14

# വാർത്താക്കുറിപ്പ്

---

- *മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യും*
- *ഉന്നത പഠന, ഗവേഷണ സാധ്യതകൾ  വിശദമാക്കുന്ന പ്രദർശനം*
- *പുസ്തകോത്സവം, മെഡിക്കൽ എക്സ്ബിഷൻ, സെമിനാറുകൾ*
- *ചലച്ചിത്രോത്സവം നടി സുരഭി ലക്ഷ്മി ഉദ്ഘാടനം ചെയ്യും*
- *വിദഗ്ധർ പങ്കെടുക്കുന്ന ശിൽപ്പശാലകൾ,  പ്രത്യേക പ്രഭാഷണങ്ങൾ*

## യുനോയ-2023; എം.ജി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ 17 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന ഗ്ലോബൽ അക്കാദമിക് കാർണിവൽ യുനോയ-2023  ജനുവരി 17 മുതൽ 19 വരെ കോട്ടയം നഗരത്തിൽ ആറ് വേദികളിലായി നടക്കും. സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും പഠന, ഗവേഷണ സൗകര്യങ്ങൾ വിദ്യാർഥികൾക്കും പൊതു സമൂഹത്തിനും കൂടുതൽ പരിചിതമാക്കാൻ ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ പ്രദർശനമാണ് പരിപാടിയുടെ പ്രധാന സവിശേഷതയെന്ന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സർവകലാശാലയിലെ വകുപ്പുകളും കോളജുകളും പങ്കെടുക്കുന്ന വിദ്യാഭ്യാസ പ്രദർശനത്തിനു പുറമെ പുസ്തകോത്സവം, ശിൽപ്പശാലകൾ, മെഡിക്കൽ എക്സിബിഷൻ, ചലച്ചിത്രോത്സവം, സാംസ്കാരിക പരിപാടികൾ, വിളംബര ഘോഷയാത്ര എന്നിവയും കാർണിവലിന്റെ  ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

ജനുവരി 17ന് രാവിലെ 9.30ന് പ്രധാന വേദിയായ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ  ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു യുനോയ 2023ന്റെ  ഉദ്ഘാടനം നിർവഹിക്കും.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ പ്രദർശനം അഡ്വ. ജോസ് കെ. മാണി എംപിയും സെമിനാറുകൾ അഡ്വ. തോമസ് ചാഴികാടൻ എംപിയും ചലച്ചിത്രോത്സവം നടി സുരഭി ലക്ഷ്മിയും ഉദ്ഘാടനം ചെയ്യും.

സി.കെ. ആശ എം.എൽ.എ, കാലിക്കറ്റ് സർവകലാശാലാ വൈസ് ചാൻസലർ ഡോ. എം.കെ. ജയരാജ്, ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ, കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡന്റ് പി.കെ. ഹരികുമാർ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം പ്രഫ. പി. ഹരികൃഷ്ണൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർ പേഴ്സണ് ജിനീഷ രാജൻ എന്നിവർ ആശംസകളർപ്പിക്കും. വൈസ് ചാൻസലർ പ്രഫ. സാബു തോമസ് സ്വാഗതവും രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ നന്ദിയും പറയും.

നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന വിദ്യാഭ്യാസ പ്രദർശനത്തിൽ സർവകലാശാലയിലെ വകുപ്പുകളുടെയും അഫിലിയേറ്റഡ് കോളജുകളുടെയും ഉൾപ്പെടെ എഴുപത്തിയഞ്ചോളം സ്റ്റാളുകൾ ഉണ്ടാകും. പുസ്തകോത്സവവും ഇതേ വേദിയിലാണ് സംഘടിപ്പിക്കുന്നത്.

ചലച്ചിത്രോത്സവം സി.എം.എസ് കോളജിലും മെഡിക്കൽ എക്സിബിഷൻ ബസേലിയോസ് കോളജിലുമാണ് നടക്കുക. മാമ്മൻ മാപ്പിള ഹാൾ, സി.എം.എസ് കോളജ്, ബസേലിയോസ് കോളജ്, ബി.സി.എം കോളജ്, നാട്ടകം ഗവൺമെൻറ് കോളജ് എന്നിവിടങ്ങളിലാണ് സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചിരിക്കുന്നത്. തിരുനക്കര മൈതാനവും മാമ്മൻ മാപ്പിള ഹാളും സാംസ്കാരിക പരിപാടികൾക്ക് വേദികളാകും.

സമീപ വർഷങ്ങളിൽ വിവിധ ദേശീയ, രാജ്യാന്തര റാങ്കിംഗുകളിലും ഗവേഷണ രംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് സാധിച്ചു. അഫിലിയേറ്റഡ് കോളജുകളും അക്കാദമിക, ഗവേഷണ മേഖലകളിൽ ഏറെ മുന്നേറിയിട്ടുണ്ട്. ഈ വളർച്ചയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പുതിയ തലമുറയ്ക്ക് അവസരമൊരുക്കുന്നതിനാണ് സംസ്ഥാനത്ത് ആദ്യമായി ഇത്തരമൊരു കാർണിവൽ സംഘടിപ്പിച്ചിരിക്കുന്നതെന്ന് വൈസ് ചാൻസലര് പറഞ്ഞു.

ഉന്നത വിദ്യാഭ്യാസം, രാഷ്ട്രചരിത്രം, കല തുടങ്ങിയ വിഷയങ്ങളിൽ നടക്കുന്ന സെമിനാറുകളിലും ശിൽപ്പശാലകളിലും അതത് മേഖലകളിലെ വിദഗ്ധർ പങ്കെടുക്കും.

മാമ്മൻ മാപ്പിള ഹാളിൽ പ്രത്യേക പ്രഭാഷണ പരിപാടിയിൽ ജനുവരി 17ന് ഉച്ചകഴിഞ്ഞ് 1.30ന് ജ്ഞാന സമ്പദ് വ്യവസ്ഥയും യുവതയും എന്ന വിഷയത്തിൽ സംസ്ഥാന നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകലയും തുടർന്ന് സംഗീതവും സമൂഹവും എന്ന വിഷയത്തിൽ സോഷ്യൽ സയൻറിസ്റ്റ് ഡോ. സുമംഗല ദാമോദരനും 18ന് ഉച്ചകഴിഞ്ഞ് രണ്ടിന് ഇന്ത്യ ചരിത്ര വിജ്ഞാനീയവും ഇന്ത്യ എന്ന ആശയവും എന്ന വിഷയത്തിൽ ഡോ. സുനിൽ പി. ഇളയിടവും സംസാരിക്കും.

ജെന്ഡർ, പരിസ്ഥിതി എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള ചലച്ചിത്രോത്സവം 18, 19 തീയതികളിലാണ് നടക്കുക. ഇതോടനുബന്ധിച്ചുള്ള ഓപ്പൺ ഫോറങ്ങളില് സംവിധായകരായ കമൽ, വിധു വിന്സന്റ്, മധു ജനാർദ്ദനൻ, എഴുത്തുകാരി വി.എസ്. ബിന്ദു, ഫിലിം സൊസൈറ്റി പ്രവർത്തക ജ്യോതി നാരായണൻ എന്നിവര് പങ്കെടുക്കും.

അക്കാദമിക് കാർണിവലിനു മുന്നോടിയായുള്ള വിളംബര ഘോഷയാത്ര ജനുവരി 16ന് ഉച്ചകഴിഞ്ഞ് മൂന്നിന് പോലീസ് പരേഡ് ഗ്രൗണ്ടിൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഫ്ളാഗ് ഓഫ് ചെയ്യും. ഘോഷയാത്ര തിരുനക്കര മൈതാനത്ത് സമാപിക്കും.

ജനുവരി 19ന് വൈകുന്നേരം അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം ബഹു. സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഗവൺമെൻറ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് മുഖ്യ പ്രഭാഷണം നിർവഹിക്കും. വൈസ് ചാൻസലര് പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

വാർത്താസമ്മേളനത്തില് സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. ഷാജില ബീവി, ഡോ. ബിജു തോമസ്, ഡോ. കെ.എം. സുധാകരൻ, രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ എന്നിവരും പങ്കെടുത്തു.
(പി.ആർ.ഒ./39/184 8/2022)

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ - യുനോയ 2023 നെക്കുറിച്ച് വിശദമാക്കാൻ കോട്ടയം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് സംസാരിക്കുന്നു. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ എസ്. ഷാജില ബീവി, ഡോ. ബിജു തോമസ്, ഡോ. ഡോ. കെ.എം. സുധാകരൻ എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**